# നിന്റെ ജന്മ ദിനത്തിൽ



ഇന്നു നിൻ ജന്മ ദിനത്തിൽ വീണ്ടും
നൻമകൾ നേരുന്നു ഞാൻ മകനേ!

നിൻ കവിൾത്തുമ്പിൽ നിഴൽ വിരിക്കും
അത്ഭുതമാകുമീ ക്കാന്തിപൂരം

നിൻ മിഴിയികലൊതുങ്ങി നില്ക്കും
എൻ പൂർവ പുണ്യ പ്രഭാവിലാസം

എൻ മണിക്കുഞ്ഞേ! നിൻ ചുണ്ടുകളിൽ
പൊട്ടി വിരിയുമീ മന്ദഹാസം

ഇന്നു നിൻ ജന്മ ദിനത്തിൽ വീണ്ടും
എൻ കരളികൾ ക്കുളിരു ചൂടി.

നാളെ, വിശാലമാ, മീയുലകിൽ
ആരു നീ യാവുകില്ലെന്റെ തങ്കം?

നിൻ വഴിത്താരയിൽ പൂവിരിക്കാൻ
എൻ കൈകളെത്ര നാൾ നീളുമാവോ?

തട്ടി മറിക്കുക നിന്റെ മുന്നിൽ
പൊങ്ങുന്ന വൻ മണൽത്തിട്ടകളെ.

പൊള്ളുന്ന ചൂട്ടിലും നിന്റെ ചുണ്ടിൽ
വറ്റരുതോമനേ! സ്നേഹഗാനം.

ഈ വഴിവക്കിൽ, തളർന്നു വീഴും
കൂട്ടരെ വിസ്മരിച്ചീടരുതേ.

കല്ലുകൾ മുള്ളുകളൊക്കെ മാറ്റി
മുന്നിലെ, പ്പാത യവർ തെളിച്ചു.

ദീർഘമാ, മപ്പാദ മുദ്രകളിൽ
നേരുക നിന്നഭിവാദനങ്ങൾ.

പോയ തലമുറ നേടിവച്ച-
താകെയും നിൻെറ സമ്പാദ്യമല്ലോ.

അങ്ങു വിദൂരമാം ചക്രവാള-
ഭിത്തികൾ ഭേദിച്ചു പോക നിങ്ങൾ.

നിൻ പാദമുദ്രകൾ നോക്കി വേണം
പിൻതുടർന്നീടുക നല്ല നാളെ.

പൊങ്ങു, മനീതികൾ തൻ തലകൾ
കൊയ്തരിഞ്ഞീടട്ടെ നിൻ കരവാൾ.

പാറും പതാകകൾ നിൻ വിജയം
പാടും പടനിലത്തികലൂടെ

ചാട്ടവാറോങ്ങി, ക്കുതിര മേൽ നീ
ആഞ്ഞു തുള്ളിച്ചു ഹാ! പാഞ്ഞു പോകെ

ആൽത്തറ വക്കിൽ, ത്തണലിൽ നിൻെറ
തേരുരുളൊച്ച ഞാൻ കേട്ടു നില്ക്കും.

ഇന്നു നിൻ ജൻമദിനത്തിൽ വീണ്ടും
നൻമകൾ നേരുന്നു ഞാൻ മകനേ!. ■